II ഇ.ബി. XIII- കേരള നിയമസഭ/XI-11

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 23, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

35 (*301) വനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണം

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ, ദേശീയോദ്യാനങ്ങളുടെയും 17 വന്യജീവി സങ്കേതങ്ങളുടെയും സംരക്ഷണവും പരിപാലനവും, ജനപങ്കാളിത്ത പരിപാലനം, വന്യജീവി സങ്കേതങ്ങളിൽനിന്ന് ആദിവാസികളുടെയും വനഗ്രാമങ്ങളുടെയും സ്വയം സന്നദ്ധ പുനരധിവാസം, ആനത്താരകളുടെ കൂട്ടിയിണക്കൽ, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പ്, ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും പുറത്തുള്ള വന്യജീവി ആവാസ വ്യവസ്ഥയുടെ പുഷ്ടിപ്പെടുത്തൽ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ, വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള വർദ്ധിച്ച തോതിലുള്ള നഷ്ടപരിഹാരം എന്നി

വയാണ് വനം വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്ന കർമ്മ പരിപാടികളെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA), ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി എന്നിവയ്ക്ക് പുറമെ പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി സർവകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ അതോറിറ്റി, പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കുന്നത്. ലോകബാങ്ക്, യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (UNDP) ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായവും സഹകരണവും ഭാവിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മൂന്നാർ മേഖലയിൽ UNDP സഹായത്തോടെ Mountain Landscape Project നടപ്പിലാക്കുന്നതിനും അഗസ്ത്യമല ഭൂപ്രദേശത്ത് ലോകബാങ്ക്, GEF എന്നീ അന്തർദേശീയ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും സംയുക്ത സംരംഭമായി Biodiversity Conservation and Rural Livelihood

Improvement Project നടപ്പിലാക്കുന്നതിനും വിഭാവന ചെയ്ത് രൂപരേഖ തയ്യാറാക്കിവരുന്നുണ്ട്. വനം-പരിസ്ഥിതി സംരക്ഷണം പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. കാട്ടുതീ തടയുന്നതിന് നിർമ്മിച്ചിട്ടുള്ള ഫയർലൈനിന്റെ സംരക്ഷണത്തിനായി ജീവനക്കാരെ നിയമിക്കുകയും വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. മംഗളവനം സംരക്ഷിക്കുന്നതിന് ഉന്നതതലയോഗം വിളിക്കുന്നതും ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതുമാണ്. പാട്ടക്കരാർ പൂർത്തിയാക്കിയതും ലംഘിച്ചതുമായ ഭൂമികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇ.എഫ്.എൽ. നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം ആലോചിക്കുന്നതാണെന്നും സംസ്ഥാനത്ത് വൃക്ഷ ആവരണം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വീടുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കുട്ടിവനം പദ്ധതി വിജയകരമായി നടപ്പാക്കുന്ന കുടുംബങ്ങൾക്ക് ജില്ലാതല അവാർഡുകളും സമ്മാനങ്ങളും നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

36 (*302) പരമ്പരാഗത മത്സ്യസംരക്ഷണ രീതികൾ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു) നൽകിയ മറുപടിയിൽ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യക്ഷേമനിധി ബോർഡ് എന്നിവയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽവച്ച് നടത്തിയ അന്താരാഷ്ട്ര അലങ്കാരമത്സ്യ പ്രദർശനത്തോടനുബന്ധിച്ച് 'കടലറിവുകൾ' എന്ന വിഷയത്തെ അധികരിച്ച് നടന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ മത്സ്യബന്ധന മേഖലയെ ലാഭകരമാക്കുന്നതിന് ഉയർന്നുവന്ന പരമ്പ

രാഗത അറിവുകൾ ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് 'ഫിർമ'(ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഏജൻസി)–യെ ചുമതലപ്പെടുത്തിയതായി സഭയെ അറിയിച്ചു. കെ.എം.എഫ്.ആർ. ആക്ടിലെ വിവിധ വ്യവസ്ഥകൾ പ്രകാരം മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതും അപ്രകാരം ചെയ്യുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുമാണ്. അനിയന്ത്രിതമായ മത്സ്യബന്ധനം തടയുന്നതിന് കൂടുതൽ നടപടികളെക്കുറിച്ച് ആലോചിക്കുന്നതും ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. വംശനാശം നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പാഴ്മത്സ്യങ്ങളേയും ചെറുമത്സ്യങ്ങളേയും വാണിജ്യാവശ്യത്തിനായി പിടിക്കുന്നുവെന്ന പരാതിയിന്മേൽ റവന്യൂ, പോലീസ്, ഫിഷറീസ്, ആരോഗ്യം, മറൈൻ എൻഫോഴ്സ്മെന്റ്, കടലോര ജാഗ്രതാ സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കർശന പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നതായും വിവിധ സംഘടനകളുമായി ചർച്ച നടത്തി അഭിപ്രായ സമന്വയത്തിലൂടെ ട്രോളിംഗ് നിരോധന കാലയളവ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37(*303) <u>ക്ലീൻക്യാമ്പസ് – സേഫ്ക്യാമ്പസ്</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ

"ക്ലീൻക്യാമ്പസ്-സേഫ്ക്യാമ്പസ്" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപഭോഗവും പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, ലഹരി രഹിതവും സുരക്ഷിതവുമായ ക്യാംപസ് അന്തരീക്ഷം സൃഷ്ടിച്ച് അതുവഴി ആരോഗ്യവും അച്ചടക്കവും രാജ്യസ്നേഹവും സാമൂഹ്യബോധവുമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന "ക്ലീൻക്യാമ്പസ് - സേഫ്ക്യാമ്പസ്" എന്ന പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. വിവിധ ഘടകങ്ങളുടെ ഏകോപനത്തോടെ ആദ്യപടിയായി സംസ്ഥാനത്തെ 14,000-ത്തോളം സ്കൂളുകളിൽ 55 ലക്ഷം വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് സ്കൂൾ/ജില്ലാ/സ്റ്റേറ്റ് തല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തിയ 9899 റെയ്ഡുകളിൽ 1736 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 1652 പേരെ അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ മീഡിയകളുടെ ദുരുപയോഗം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും നടപ്പാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**38(*304)** <u>ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്-കള്ള് വ്യവസായം</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സമഗ്ര മദ്യനയം പുറപ്പെടുവിക്കുന്നതിനായി സർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള ശുപാർശകൾ പഠിച്ച് നികുതി വകുപ്പ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണെന്നും ഇത് ഈ മേഖലയിലെ തൊഴിലാളി സംഘടനകളുമായി വിശദമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നതായും സഭയെ അറിയിച്ചു. കള്ള് വീര്യം കുറഞ്ഞ ലഹരി പാനീയമായതുകൊണ്ടും, കള്ളിനോടൊപ്പം ആഹാരം ലഭ്യമാകുന്നതുകൊണ്ടും കായികമായ അദ്ധ്വാനത്തിൽ കള്ളിന്റെ ഉപഭോഗം ദോഷകരമാകാൻ ഇടയില്ല എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ, കള്ളുഷാപ്പുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാക്കണമെന്നും കള്ള് ഷാപ്പുകൾക്ക് കള്ള് ചെത്ത് ക്ഷേമനിധി ബോർഡിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചു നൽകുക, കള്ള് ഷാപ്പുകൾ 5 വർഷത്തേയ്ക്ക് നൽകുക എന്നീ ആവശ്യങ്ങൾ സർക്കാർ പരിഗണിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സീറോ ആൽക്കഹോളിക് ആയതും ആരോഗ്യത്തിന് ഗുണകരമായതുമായ നീര ഉത്പാദനം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതിനാൽ നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ ഇത് നടപ്പിലാക്കാവുന്നതാണെന്നും കള്ളുഷാപ്പുകളിൽ കൂടി മാത്രം നീര വിപണനം ചെയ്യണം എന്ന തൊഴിലാളികളുടെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും നീര അബ്കാരി നിയമത്തിന്റെ പരിധിയിൽ നിന്നും ദുരുപയോഗം ചെയ്യാതിരിക്കുന്നതിനുള്ള മുൻകരുതലുകളോടെ ഒഴിവാക്കേണ്ടതാണെന്നും നിലവിലെ ഗ്രൂപ്പ് സമ്പ്രദായം തുടരുന്നത് അഭികാ

മൃമാണെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മദ്യ ഉപയോഗം കുറയ്ക്കുക എന്നത് പ്രാഥമിക ലക്ഷ്യമായി കാണുന്നതിനാൽ അടഞ്ഞ കള്ളുഷാപ്പുകൾ തുറക്കേണ്ടതില്ലെന്നും കള്ളുഷാപ്പുകളുടെ ദൂരപരിധി നിലവിലെ 400 മീറ്ററിൽ നിന്ന് വ്യത്യാസപ്പെടുത്തേണ്ടതില്ലെന്നും ആധുനിക രീതിയിൽ കള്ളുഷാപ്പുകൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ ദൂരം കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തി രൂപം നൽകിയ നീര റൂൾസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചെത്തുതൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് നീര ചെത്തുന്നതിന് അവസരം സൃഷ്ടിക്കുന്നതാണെന്നും നാളികേര വികസന ബോർഡ് സമർപ്പിച്ച പട്ടികപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ നീരയുടെ വിപണനം നടത്തുന്നതാണെന്നും കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിന് ജനപ്രതിനിധികളും സംഘടനകളും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3290 മുതൽ 3657 വരെയുള്ള ചോദ്യങ്ങളിൽ 182 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)